# ശ്രീ പിഷാരികാവ് ദേവസ്വം
## മലബാർ ദേവസ്വം ബോർഡ്.
(പി.ഒ) കൊല്ലം, പിൻ – 673307,
കൊയിലാണ്ടി താലൂക്ക്, കോഴിക്കോട്.

---

### റീ ക്വട്ടേഷൻ

2021ലെ ശ്രീ പിഷാരികാവ് ക്ഷേത്ര കാളിയാട്ട മഹോത്സവത്തിന് 30.3.2021 മുതൽ 6.4.2021 കൂടി ലൈറ്റ്, സൗണ്ട്, പന്തൽ ഏർപ്പെടുത്തുന്നതിനുള്ള ക്വട്ടേഷനുകൾ 20.3.2021ന് ശനിയാഴ്ച 10.30 മണിക്ക് മുമ്പായി കിട്ടത്തക്ക വണ്ണം ലൈസൻസ്ഡ് കോൺട്രാക്ടേഴ്സിൽ നിന്നും ക്ഷണിച്ചു കൊള്ളുന്നു. അന്നേ ദിവസം 11 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി തുറന്ന് സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനിൽ ലൈറ്റ്, പന്തൽ, സൗണ്ട് എന്നിവയ്ക്ക് 8 ദിവസത്തേക്കുള്ള മൊത്തം ചാർജാണ് കാണിക്കേണ്ടത്.

ക്വട്ടേഷൻ ലഭിക്കുന്ന ആൾ വൈകുന്നേരം 6 മണി മുതൽ കാലത്ത് 6 മണി വരെ നല്ല പ്രകാശത്തോടുകൂടി കറണ്ട് സഹിതം ക്ഷേത്രം, അനുബന്ധ കെട്ടിടങ്ങൾ, ക്ഷേത്ര ചുറ്റ്, നട പന്തലുകൾ, ക്ഷേത്ര പരിസരം, കാളിയാട്ട പറമ്പ്, ക്ഷേത്രം മുതൽ ആനക്കുളങ്ങര കവാടം, എരോത്ത് കുളങ്ങര കവാടം, ക്ഷേത്ര കിഴക്ക് ഭാഗം വടയന കുളം വഴിയുള്ള റോഡ്, ക്ഷേത്രം മുതൽ ചിറയുടെ കവാടം ചിറ നാലു ഭാഗവും, ക്ഷേത്ര കാവിനകത്തും, പുറത്തും, ക്ഷേത്ര പരിസരത്തെ പറമ്പുകളിലും , കൊല്ലം ചിറ മുതൽ കൊല്ലം ടൗൺ വരെ ലൈറ്റ് സംവിധാനം 8 ദിവസത്തേക്കും, എരോത്ത് കുളങ്ങര നിന്നും കൊണ്ടാട്ടം പടി ക്ഷേത്രം വഴി ഊരുചുറ്റൽ റോഡ് വഴി പാലച്ചുവട് വരേയും കാളിയാട്ടം ഒരു ദിവസം മാത്രവും ഷഷ്ഠു ദിവസം ഏകദേശം വൈറ്റ് ഹലോജൻ 100 എണ്ണം വീതവും ട്യൂബ് ഒരു ദിവസത്തേക്ക് 500 എണ്ണം വീതവും എം.എച് 6 എണ്ണം വീതവും കത്തിക്കേണ്ടതും നാലമ്പലം ഓടിനു മുകളിൽ പുറംഭാഗം നാലു ഭാഗങ്ങളിലും കിഴക്ക്, വടക്ക്, നടപ്പന്ത്ലുകൾ, കാരണവർ തറ, ചെട്ടി തറ, വിശ്രമമന്ദിരം, ഓഫീസ് കെട്ടിടം പള്ളിയറ, വഴിവാട് കൗണ്ടർ, ഏവറോട്ട, പത്തായപ്പുര, കൊല്ലം, ആനക്കുളം, ചിറ പരിസരം, എന്നിവിടങ്ങളിലെ മൂന്ന് കവാടങ്ങൾ മുതലായവയിലും 30.3,2021 മുതൽ 6.4.2021 കൂടി 8 ദിവസവും എൽ.ഇ.ഡി. ഡക്കറേഷൻ ബൾബുകൾ ഉപയോഗിച്ച് ഭംഗിയായി അലങ്കരിക്കേണ്ടതുമാണ്. എൽ.ഇ.ഡി. ഡിസ്പ്ലെ ബോർഡുകളിലേക്ക് കറണ്ട് ആവശ്യമാണെങ്ംകിൽ ഏർപ്പെടുത്തേണ്ടതും, ക്ഷേത്ര ചുറ്റിൽ നടത്തുന്ന പ്രഭാഷണം, ഓട്ടൻതുള്ളൽ, പാഠകം, നാമജപം, കാലത്തും, വൈകീട്ടും ഭക്തി ഗാനം വെക്കൽഎന്നവയ്ക്കും അനൗൺസ്മെന്റിനും, ദേവസ്വം ഓഫീസ് മുതൽ ക്ഷേത്ര ചുറ്റിന് പുറത്ത് കിഴക്ക്, വടക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലും, ആനക്കുളങ്ങര വരേയും ആവശ്യമായ ടർണർ, ആമ്പ്ലിഫയർ ഉൾപ്പെടെ ആവശ്യമുള്ള ശബ്ദ സജ്ജീകരണങ്ങൾ കറണ്ട് സഹിതം ക്വട്ടേഷൻ ലഭിച്ച ആൾ ഏർപ്പെടുത്തേണ്ടതാണ്. കാളിയാട്ട ഉത്സവത്തിന് പോലീസ് ഔട്ട് പോസ്റ്റുകൾ, മെഡിക്കൽ, ഫയർ ഫോഴ്സ്, അകമ്പടി ചെട്ടികൾ, വാദ്യക്കാർ, ആന പാപ്പാന്മാർ എന്നിവർതാമസിക്കുന്ന സ്ഥലങ്ങളിലും, ദേവസ്വം നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും ആവശ്യമായത്രയും ലൈറ്റും സീലിങ്ങ് ഫാനുകളും, പെഡസസ്റ്റൽ ഫാനുകളും, ടേബിൾ ഫാനുകളും , കോമരക്കാർക്ക് വിശ്രമിക്കാൻ വടക്കേ നടയിലും, പള്ളിയറയ്ക്ക് സമീപവും

പന്തലുകൾ , ചെട്ടിമാർക്കും, ഫയർഫോഴ്സിനും, മെഡിക്കൽ യൂണിറ്റിനുമുള്ള പന്തലുകൾ എന്നിവ ഏർപ്പെടുത്തേണ്ടതും ദേവസ്വം അതാത് സമയങ്ങളിലും സാഹചര്യങ്ങളിലും കൂടുതലായി ആവശ്യപ്പെടുന്ന സാധനങ്ങൾ ക്വട്ടേഷനുകൾ ലഭിക്കുന്ന ആൾ ഏർപ്പെടുത്തേണ്ടതുമാണ്. അതിന് പ്രത്യേക പേമെന്റുകൾ ഉണ്ടായിരിക്കുന്നതല്ല.

മേൽപറഞ്ഞ മുഴുവൻ കാര്യങ്ങളും 29.3.2021 ന് വൈകുന്നേരം ട്രയൽ റൺ എടുത്ത് ദേവസ്വം അധികൃതരെ ബോധ്യപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ ലൈസൻസുള്ള ആളുടെ പേരിലാണ് നൽകേണ്ടത്. ലൈസൻസിന്റെ കോപ്പിയും 2000 രൂപ നിരത ദ്രവ്യം ദേവസ്വത്തിൽ അടച്ചതിന്റെ രശീതിയും സഹിതം ക്വട്ടേഷൻ കവറിലാക്കി കവറിനു മുകളിൽ ലൈറ്റ്, സൗണ്ട്, പന്തൽ ഏർപ്പെടുത്തൽ ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി സീല് വെച്ച് ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നും മേൽ പറഞ്ഞ കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ നിയമ നടപടികളും സംബന്ധിച്ച് അനുവാദ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതും 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ ഒപ്പു വെക്കേണ്ടതുമാണ്. ദേവസ്വം അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥരുമാണ്. ക്വട്ടേഷൻ തുകയുടെ ഒരു ശതമാനം ഇൻകംടാക്സ് ക്വട്ടേഷൻ ലഭിച്ച ആൾ നൽകേണ്ടതാണ്. പാൻ കാർഡ് ഉണ്ടായിരിക്കണം. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ദേവസ്വം അധികൃതരിൽ നിക്ഷിപ്തമാണ്.

കോപ്പികൾ

16/3/2021

Executive Officer
**SREE PISHARIKAVU DEVASWAM**
**P.O.KOLLAM, KOYILANDY**

1. നോട്ടീസ് ബോർഡ്.
2. വഴിവാട് കൗണ്ടർ.
3. ദേവസ്വം വെബ്സൈറ്റ്.
4. അധികം.